പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1689 14/07/2016-ൽ മറുപടിക്ക്

# കോൺക്രീറ്റ് തൂണുകൾ ഒടിഞ്ഞുവീണുള്ള അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്. | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർകോട് ജില്ലക്കാവശ്യമായ കോൺക്രീറ്റ് വൈദ്യുതി തൂണുകൾ നിർമ്മിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ ; | (എ) ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, മാംഗ്ലൂർ, കർണാടക എന്ന പോൾ കാസ്റ്റിങ്ങ് കമ്പനിയുടെ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം യാർഡിൽ ആണ് തൂണുകൾ നിർമ്മിക്കുന്നത്. |
| (ബി) ജോലിക്കിടയിൽ കുറ്റിക്കോലിൽ വൈദ്യുത തൂൺ ഒടിഞ്ഞുവീണ കെ.എസ്.ഇ.ബി. കരാർ ജീവനക്കാരൻ മരിച്ച സംഭവത്തിലെ ഉത്തരവാദികൾ വൈദ്യുതി ബോർഡ് മേലുദ്യോഗസ്ഥരും പോസ്റ്റ് നിർമ്മാതാവുമാണെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണമോ, പഠനമോ നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ സർക്കാരിന്റെ നിഗമനമെന്താണെന്നും ഇല്ലെങ്കിൽ ആയതു ഏർപ്പെടുത്താൻ തയ്യാറാകുമോ എന്നും വ്യക്തമാക്കാമോ; | (ബി) പ്രസ്തുത അപകടത്തെക്കുറിച്ച് സിവിൽ കൺസ്ട്രക്ഷൻ നോർത്ത് ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട കൺസ്ട്രക്ഷൻ സ്റ്റാൻഡേർഡ്സ് പാലിക്കാത്തതും പോസ്റ്റ് സ്ഥാപിച്ചതിലുള്ള അപാകതകളും ആണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. ഇത് സംബന്ധിച്ച് വൈദ്യുതി ബോർഡിലെ വിജിലൻസ് വിഭാഗം വിശദാന്വേഷണം നടത്തുന്നുണ്ട്. |

(...2)

(സി) ഒരു മാസം മുമ്പുണ്ടായ മഴയിൽ കാസർഗോഡ്, ചെർക്കള, നെല്ലിക്കുന്ന് സെക്ഷന്റെ പരിധിയിലായി എത്ര വൈദ്യുത തൂണുകളാണു തകർന്നതെന്നും അവയ്ക്ക് എത്ര കാലപ്പഴക്കം ഉള്ളതായിരുന്നു എന്നും വ്യക്തമാക്കാമോ; തൂണുകളുടെ നിലവാരക്കുറവും നിർമ്മാണത്തിലെ അപാകതയുമാണിതിനു കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;;

(സി) ഒരു മാസം മുമ്പുണ്ടായ മഴയിൽ കാസർഗോഡ് ചെർക്കള, നെല്ലിക്കുന്ന് സെക്ഷന്റെ പരിധിയിൽ തകർന്ന പോസ്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| സെക്ഷൻ | എൽ.റ്റി പോസ്റ്റ് | എച്ച്.റ്റി പോസ്റ്റ് |
|---|---|---|
| കാസർഗോഡ് | 155 | 24 |
| ചെർക്കള | 55 | 20 |
| നെല്ലിക്കുന്ന് | 84 | 20 |

ശക്തമായ കാറ്റ് മൂലം വൃക്ഷങ്ങളും ശിഖരങ്ങളും ലൈനുകളിലേക്ക് മറിഞ്ഞത് മൂലമാണ് പോസ്റ്റുകൾ തകർന്നത്. ഇവ വിവിധ കാലഘട്ടങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. മഴയത്തും കാറ്റത്തും മരങ്ങൾ ഒടിഞ്ഞു വീണ് തൂണുകൾ തകരുന്നത് തൂണുകളുടെ ഗുണനിലവാരകുറവോ നിർമ്മാണത്തിന്റെ അപാകതയോ കാരണമാണെന്ന് കണ്ടെത്തിയിട്ടില്ല.

(ഡി) ഒട്ടേറെ തവണ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ തൂൺ നിർമ്മാണ കമ്പനി പേരുകൾ മാറ്റി പുതിയ തൂൺ നിർമ്മാണത്തിനുള്ള ലൈസൻസ് സ്വന്തമാക്കുന്നുവെന്ന ആരോപണത്തിന്റെ നിജസ്ഥിതി അറിയാൻ ശ്രമിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

(ഡി) തൂൺ നിർമ്മാണ കമ്പനികളിൽ ആരേയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**